15 -ാം കേരള നിയമസഭ

13 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3311 — 11-03-2025 - ൽ മറുപടിയ്ക്ക്

ഒ.ഡി.ഇ.പി.സി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എച്ച്. സലാം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ്സ്-ന്റെ സേവനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഒ.ഡി.ഇ.പി.സി. 2016 മുതൽ 2024 വരെ വിവിധ രാജ്യങ്ങളിലേക്ക് നടത്തിയ റിക്രൂട്ട്മെന്റിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഒ.ഡി.ഇ.പി.സി. 2016 മുതൽ 2024 വരെ നടത്തിയ റിക്രൂട്ട്മെന്റിന്റെ രാജ്യം തിരിച്ചുള്ള കണക്കു അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | തൊഴിലന്വേഷകർക്ക് പരിശീലനം നൽകുന്നതിന് ഒ.ഡി.ഇ.പി.സി. പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; ഈ രംഗത്തെ ഇടപെടലുകൾ വിശദമാക്കുമോ; | (സി) | യു.കെ., ജർമ്മനി, ഓസ്ട്രിയ തുടങ്ങിയ രാജ്യങ്ങളിലേക്ക് നിയമനം ആഗ്രഹിക്കുന്ന നഴ്സുമാർക്ക് ഇംഗ്ലീഷ്, ജർമൻ തുടങ്ങിയ വിദേശ ഭാഷകളിൽ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരം, എറണാകുളം, അങ്കമാലി, കോഴിക്കോട്, ന്യൂഡൽഹി, പത്തനംതിട്ട എന്നിവിടങ്ങളിൽ ഒഡെപെക് പരിശീലനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ കൂടുതൽ സ്ഥലങ്ങളിൽ ട്രെയിനിംഗ് സെൻററുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് അവരുടെ സ്കോർ അനുസരിച്ച് വിവിധ രാജ്യങ്ങളിലേക്കുള്ള നിയമന സേവനങ്ങളും ഒഡെപെക് നൽകിവരുന്നു. |
| (ഡി) | ഒ.ഡി.ഇ.പി.സി.യുടെ കീഴിലുള്ള ട്രാവൽ ഡിവിഷന്റെ പ്രവർത്തനങ്ങൾ വെളിപ്പെടുത്തുമോ; ടൂർ പാക്കേജുകൾ നടപ്പാക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ഡി) | 1990 മുതൽ ഒഡെപെക്കിന്റെ കീഴിൽ പ്രവർത്തിക്കുന്ന അയാട്ടാ അംഗീകാരമുള്ള ട്രാവൽഡിവിഷൻ ദേശീയ-അന്തർദേശീയ യാത്രയ്ക്കുള്ള ടിക്കറ്റുകൾ ബുക്ക് ചെയ്യാൻ സജ്ജമാണ്. മന്ത്രിമാർ, മുതിർന്ന ഐ.എ.എസ് ഉദ്യോഗസ്ഥർ, സർക്കാർ തലത്തിലുള്ള മറ്റു പ്രമുഖ ഓഫീസർമാർ തുടങ്ങിയവർ ഈ ട്രാവൽ ഡിവിഷന്റെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ പൊതു ജനങ്ങൾക്കും ഈ സേവനം ഉപയോഗിക്കാവുന്നതാണ്. ഒഡെപെക് വഴി റിക്രൂട്ട്മെന്റ് നടത്തുന്ന പല വിദേശ തൊഴിൽ |

| | | | |
|---|---|---|---|
| | | | ദാതാക്കളും തങ്ങൾ റിക്രൂട്ട് ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അതാതു രാജ്യങ്ങളിലേക്ക് കൊണ്ടുപോകുന്നതിനായി വിമാനടിക്കറ്റ് ബുക്ക് ചെയ്യാൻ ഈ ട്രാവൽ ഡിവിഷന്റെ സേവനം ഉപയോഗിക്കാറുണ്ട്. അടിയന്തിരഘട്ടത്തിൽ വിദേശ രാജ്യങ്ങളിൽ കുടുങ്ങിപ്പോയ ഇന്ത്യക്കാരെ നാട്ടിലെത്തിക്കാൻ ഈ ട്രാവൽ ഡിവിഷന്റെ സേവനം സർക്കാർ ഉപയോഗിക്കാറുണ്ട്. റഷ്യ-യുക്രൈൻ യുദ്ധ പശ്ചാത്തലത്തിൽ യുക്രൈനിൽ നിന്നും വിദ്യാർത്ഥികളെ തിരികെ നാട്ടിലെത്തിക്കുന്നതിനായി ഒഡെപെകിന്റെ ട്രാവൽവിഭാഗത്തിന്റെ സേവനമാണ് സംസ്ഥാന സർക്കാർ പ്രയോജനപ്പെടുത്തിയത്. |
| (ഇ) | വിദേശപഠന രംഗത്ത് ഒ.ഡി.ഇ.പി.സി. നൽകിവരുന്ന സേവനങ്ങൾ വ്യക്തമാക്കാമോ? | (ഇ) | ഇന്ത്യയിലെ പ്രത്യേകിച്ച് കേരളത്തിലെ വിദ്യാർത്ഥികൾക്ക് യു.എസ്.എ., കാനഡ, ആസ്ട്രേലിയ, യു.കെ., ന്യൂസിലണ്ട്, ചെക്, ഉക്രൈയിൻ തുടങ്ങിയ വിദേശരാജ്യങ്ങളിൽ പഠിച്ച് ഉന്നത ബിരുദവും ബിരുദാനന്തരബിരുദവും കൈവശമാക്കുന്നതിനും തുടർന്ന് അവർക്ക് ഉന്നതജോലി ഉറപ്പാക്കുന്നതിനുമായി ഒഡെപെക് ആവിഷ്കരിച്ച പദ്ധതിയാണ് "സ്റ്റഡി എബ്രോഡ്". ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ വിവിധ ജില്ലകളിൽ "International Education Expos" സംഘടിപ്പിച്ചു. വിവിധ വിദേശരാജ്യങ്ങളിൽ നിന്നുള്ള നാൽപതോളം യൂണിവേഴ്സിറ്റികളുടെ പ്രതിനിധികൾ ഇതിൽ പങ്കെടുത്തു.<br><br>വിദേശ രാജ്യങ്ങളിൽ ഉന്നത പഠനം ആഗ്രഹിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ സ്വപ്ന സാക്ഷാത്ക്കാരത്തിനായി നടപ്പാക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ "ഉന്നതി സ്കോളർഷിപ്പ് ഫോർ ഓവർസീസ് സ്റ്റഡീസ്" എന്ന പദ്ധതിയുടെ നടത്തിപ്പ് ചുമതല ഒഡെപെകിനെയാണ് സർക്കാർ ഏൽപ്പിച്ചിരിക്കുന്നത്. വർഷംതോറും 310 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതാണ് ഈ പദ്ധതി. വിദ്യാർത്ഥികളുടെ കുടുംബ വാർഷിക വരുമാനത്തിനനുസൃതമായി 25 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് നൽകും. ഈ പദ്ധതി മുഖേന നാളിതുവരെ 284 വിദ്യാർത്ഥികൾ ഒഡെപെക് മുഖേന വിദേശത്തേക്ക് യാത്രയായിട്ടുണ്ട്. ഇതുൾപ്പെടെ 340 വിദ്യാർത്ഥികൾ ആണ് നാളിതുവരെ ഒഡെപെക് വഴി വിദേശപഠനത്തിനായി പോയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| | | | | |
|---|---|---|---|---|
| ഓസ്ട്രിയ | 1 | | ഒമാൻ | 82 |
| ബഹ്റൈൻ | 1 | | ഖത്തർ | 19 |
| ബെൽജിയം | 178 | | സൗദി അറേബ്യ | 1395 |
| ബോട്സ്വാന | 2 | | ടർക്കി | 208 |
| ജർമ്മനി | 72 | | യു.എ.ഇ. | 1332 |
| അയർലണ്ട് | 7 | | യു.കെ. | 700 |
| കുവൈറ്റ് | 1 | | യു.എസ്.എ. | 7 |
| മാൽദ്വീപ്പ് | 22 | | ഉസ്ബെക്കിസ്ഥാൻ | 99 |
| | | | | |
| | | | **ആകെ റിക്രൂട്ട്മെന്റ്** | **4126** |

Kavitha I
സെക്ഷൻ ഓഫീസർ